ഷിഹാബ് ഘാനിമിന്റെ കവിതകൾക്കിടയിൽ വിഷാദത്തിന്റെ ഒരസ്വസ്ഥ നദി ഒഴുകുന്നുണ്ട്. ഈ വിഷാദത്തിന്റെ പ്രഭവങ്ങൾ വ്യത്യസ്തങ്ങളാണ്
– സച്ചിദാനന്ദൻ

കവിതയാണ് തിരിച്ചറിവിന്റെ ആയുധം

■ വി. മുസഫർ അഹമ്മദ്

കവിതയുടെ പ്രഭവകേന്ദ്രങ്ങൾ ഒരു കവിക്ക് തന്നെ പലതാണ്. വിഷാദവും പ്രണയവും പ്രതീക്ഷാനിർഭരമായ സ്വപ്നങ്ങളും പ്രകൃതിയോടുള്ള പ്രണയവും പകർന്നാടുന്ന കവിതകളാണ്. യു.എ.ഇയിലെ പ്രമുഖ കവിയായ ഡോ.ഷിഹാബ് ഘാനിമിന്റെ കവിതകൾ.

ഷിഹാബ് ഘാനിം ഇന്ന് മലയാളികൾക്ക് പരിചിതനായ കവിയാണ്. അദ്ദേഹത്തിന്റെ 25 കവിതകളുടെ സമാഹാരം 'ആയിരത്തൊന്ന് വാതിലുകൾക്ക് പിറകിൽ' മലയാളത്തിൽ ഡി.സിയുടെ കറന്റ് ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു. ഫലസ്തീൻ കവി മഹ്മൂദ് ദർവിഷിന്റെ കവിതകൾ ഒരു കാലത്ത് മലയാള പ്രസിദ്ധീകരണങ്ങളിൽ നിരന്തരമായി വന്നു കൊണ്ടിരുന്നു. അതിനു ശേഷം അറബ് കവിതകളുടെ മലയാള സാന്നിധ്യം തുലോം കുറഞ്ഞു വന്നു. ലക്ഷക്കണക്കിന് മലയാളികൾ അറബ് നാടുകളിൽ ജോലി ചെയ്യുന്നുണ്ടെങ്കിലും ഇവിടെ നിന്നുള്ള കവിതകൾ അപൂർവമായി മാത്രമാണ് മലയാളത്തിൽ പ്രത്യക്ഷപ്പെട്ടത്. മലയാള കവിതകൾ അറബിയിൽ വിവർത്തനം ചെയ്ത് സാന്നിധ്യമറിയിക്കുന്നതും കുറവു തന്നെ.

> **ഷിഹാബ് ഘാനിം ഇന്ന് മലയാളികൾക്ക് പരിചിതനായ കവിയാണ്. അദ്ദേഹത്തിന്റെ 25 കവിതകളുടെ സമാഹാരം 'ആയിരത്തൊന്ന് വാതിലുകൾക്ക് പിറകിൽ' മലയാളത്തിൽ ഡി.സിയുടെ കറന്റ് ബുക്സ് പ്രസിദ്ധീകരിച്ചിരിക്കുന്നു.**

എന്നാൽ ഈ പ്രശ്നത്തെ മറികടന്നിരിക്കുകയാണ് ഷിഹാബ് ഘാനിം. അദ്ദേഹം ഇടശ്ശേരി, കമലാസുരയ്യ, ആറ്റൂർ രവിവർമ, കടമ്മനിട്ട, സച്ചിദാനന്ദൻ, അയ്യപ്പപ്പണിക്കർ, യൂസഫലി കേച്ചേരി തുടങ്ങിയവരുടെ കവിതകൾ അറബിയിലേക്ക് വിവർത്തനം ചെയ്ത് പുസ്തകരൂപം നൽകിയിരിക്കുന്നു. മലയാള കവിത ഇത്തരത്തിൽ അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെടുന്നതും ഒരറബ് കവിയുടെ സമാഹാരം മലയാളത്തിലേക്ക് വരുന്നതും ആദ്യ സംഭവമാണ്.

യു.എ.ഇയിലെ ഒരു ട്രാഫിക് സിഗ്നലിൽ പത്രം വിറ്റിരുന്ന ഒരു മലയാളി വാഹനമിടിച്ച് മരിച്ചതിനെക്കുറിച്ച് എഴുതിയ കവിതയാണ് ഈ കവിയെ അവിടെയുള്ള മലയാളി സമൂഹത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നത്. തുടർന്ന് കമലാസുരയ്യ ഷാർജയിൽ ഒരു പരിപാടിയിൽ സംബന്ധിക്കാനെത്തിയപ്പോൾ ആ ചടങ്ങിൽ പങ്കെടുക്കാൻ ഈ കവിക്കും ക്ഷണം കിട്ടി. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത തന്റെ കവിതകൾ അദ്ദേഹം കമലാ സുരയ്ക്ക് വായിക്കാൻ നൽകി. ആ ചടങ്ങിൽ സുരയ്യ ഘാനിമിന്റെ കവിതകളെക്കുറിച്ചാണ് സദസ്സിനോട് സംസാരിച്ചത്- സംസാരം മലയാളത്തിലായിരുന്നതിനാൽ വേദിയിലുണ്ടായിട്ടും ഈ കവിക്ക് സുരയ്യയുടെ സംസാരം മനസ്സിലാക്കാനായില്ല. പിന്നീട് ചില മലയാളികൾ കമലാസുരയ്യയുടെ സംസാരം വിവർത്തനം ചെയ്തു കൊടുത്തു. അവിടെ നിന്നാണ് അദ്ദേഹം മലയാള കവിതാ ലോകത്തേക്ക് പ്രവേശിക്കുന്നത്. മലയാള കവിതകളുടെ ഇംഗ്ലീഷ് പരിഭാഷകൾ തേടിപ്പിടിച്ച് വായിക്കുകയും ആ കവിതകളിലെ ശക്തിയും ആർജവവും അദ്ദേഹം തിരിച്ചറിയുകയും ചെയ്തു. യു.എ.ഇയിൽ മലയാളികൾ സംഘടിപ്പിക്കുന്ന സാഹിത്യപരിപാടികളിൽ ക്ഷണിക്കപ്പെടാൻ തുടങ്ങിയതോടെ ഈ കാവ്യ ബന്ധം തഴച്ചുവളരാൻ തുടങ്ങുകയും ചെയ്തു. സച്ചിദാനന്ദൻ, ആറ്റൂർ തുടങ്ങിയവർ യു.എ.ഇയിൽ പങ്കെടുത്ത പല പരിപാടികളിലും ഈ അറബ് കവിയുടെ സാന്നിധ്യമുണ്ടായി.

ആയിരത്തൊന്ന് വാതിലുകൾക്ക് പിറകിൽ സച്ചിദാനന്ദനാണ് എഡിറ്റ് ചെയ്തിരിക്കുന്നത്. കവികളും എഴുത്തുകാരുമായ കെ. സച്ചിദാനന്ദൻ, സർജു, പ്രീതി, രാംമോഹൻ, ടി.പി. അനിൽകുമാർ, കുഴൂർ വിത്സൺ, ഇസ്മയിൽ മേലടി, അസ്മോ പുത്തൻചിറ, കണ്ണൻകുട്ടി, പ്രൊഫ. മേലത്ത് ചന്ദ്രശേഖരൻ എന്നിവരാണ് വിവർത്തകർ. ആമുഖം സച്ചിദാനന്ദൻ നിർവഹിച്ചിരിക്കുന്നു. പ്രണയം, ധ്യാനം, പ്രാർഥന: അറബ് കവിതയിലെ അടയാളങ്ങൾ എന്ന തലക്കെട്ടിലുള്ള ഡോ.എം.അബ്ദുൽ ബാദറിന്റെ പ്രത്യേക പഠനവും പുസ്തകത്തിലുണ്ട്.

ചരിത്രവും അതിന്റെ സംഘർഷങ്ങളും പ്രകൃതി നൽകുന്ന പാഠങ്ങളും പ്രണയവും ഉദാത്തമായ ദാർശനികതയും ഉൾച്ചേരുന്ന കവിതകളാണ് ഈ പുസ്തകത്തിൽ വായനക്കാരന് കാണാനാവുക.

എനിക്ക് നിലവിളിക്കണമെന്നുണ്ട്
പക്ഷെ ഭയം എന്നെ തടയുന്നു
അഹന്തയല്ല:
എന്റെ നെഞ്ചിൽ വ്യസനത്തിന്റെ ഒരു മല
എനിക്കൊരു ചോദ്യം ചോദിക്കണമെന്നുണ്ട്
പക്ഷെ, അത് അസാധ്യമാണ്
കാരണം നിഴലുകൾ എന്റെ ഓരോ വാക്കിലും
വിളിക്കാതെതന്നെ വന്നു വീഴുന്നു
(ഇരുമ്പുമറക്കു പിന്നിൽ). ഈ കവിയുടെ രചനകളുടെ മാനിഫെസ്റ്റോ എന്നു വിളിക്കാവുന്ന കവിതയാണിത്. ലോകത്തിന്റെ എക്കാലത്തേയും പ്രശ്നങ്ങളെ അദ്ദേഹം ഈ വരികളിലൂടെ അഭിസംബോധന ചെയ്യുകയാണ്.

ഒരു മരത്തിന്റെ ആത്മഗതം എന്ന കവിത മനോഹരമായ അനുഭവമാണ്. തണലും പച്ചപ്പും പകർന്ന് പ്രകൃതിയുടെ സാന്നിധ്യമായി മാറിയ ഒരു മരം മഴു താഴ്ത്തടിയിലാഴുമ്പോൾ കവിതയിൽ ഇങ്ങനെ പറയുന്നു.

എന്റെ വെള്ളയിൽനിന്ന്
പ്രേമകാവ്യങ്ങൾ
വിധുരഗീതങ്ങൾ
കുറിക്കുവാൻ കടലാസ്
അതുമല്ലെങ്കിൽ
മഞ്ഞുകാലങ്ങൾക്ക്
തീ കായുവാനുള്ള വെറും
വിറകുകൊള്ളികളായിടാം
അങ്ങനെ ചാരമാകുമ്പോഴും
പ്രകാശം പരത്താം.

പാരിസ്ഥിതികമായ ഒട്ടനവധി വ്യാഖ്യാനങ്ങൾ ഒളിപ്പിച്ചു വെച്ചിരിക്കുന്ന ഈ കവിത ചാരം പ്രകാശം പരത്തുവെന്ന്, അല്ലെങ്കിൽ പരത്തിയിരുന്നുവെന്ന് നമ്മെ ഓർമിപ്പിക്കുന്നു.

ഇന്ത്യയിലെ റൂർക്കിയിൽ പഠിച്ച കവി താജ്മഹലിനെക്കുറിച്ച് എഴുതിയ വരികൾ ശ്രദ്ധിക്കുക-

മറ്റെന്തിനോട്
സാമ്യമീ അഴകിന്
അതിൻ പൂർണതക്ക്
സകല ഭാവനകളും
അമ്പരക്കുന്ന
അനന്ത സ്വപ്നങ്ങളുടെ ശിൽപം
(താജ്മഹലിന് ഒരു സ്തുതി ഗീതം).

സ്ത്രീപക്ഷത്തുനിന്നുള്ള കവിതകളും ഈ സമാഹാരത്തിലുണ്ട്. സ്ത്രീകൾ എന്ന കവിത ഇങ്ങനെ:

അയാൾ പറയുന്നത് കേട്ടു
ലോകത്തിന്റെ അഴകുമുഴുവൻ
പെണ്ണിലാണെന്ന്
അവരില്ലെങ്കിൽ
ജീവിതം നരക തുല്യമാകുമെന്ന്
ഒരു ദിവസം
അയാൾക്കൊരു
പെൺകുഞ്ഞ് പിറന്നു
അയാളുടെ മുഖമിരുണ്ടു.

മനോഹരമായ മറ്റൊരു കവിതയാണ് കവി തന്റെ പേരമകൾ ഹനൂഫിന് സമർപ്പിച്ച ബഖ്ബുഖ് എന്ന കവിത.

ഇടതു കൈവെള്ളയിൽ
നാണയം വെച്ച്
വലത് കയ്യാൽ മൂടി
ഊതി ഞാൻ അവളോട് പറഞ്ഞു
ബഖ് ബുഖ്
അവൾ പറഞ്ഞു
ബഹ് ബുഹ്
ഞാൻ കൈകൾ തുറന്നു
എന്റെ ഇന്ദ്രജാലത്താൽ
നാണയം അപ്രത്യക്ഷമായിരിക്കുന്നു
അവൾ പൊട്ടിച്ചിരിച്ചു
ആഹ്ളാദത്താലും
അത്ഭുതത്താലും
കണ്ണുകൾ
തിളങ്ങി
അവൾക്ക് രണ്ടു വയസ്സ് തികഞ്ഞിട്ടില്ല.
വെൽവെറ്റുടുത്ത
തന്റെ വലിയ പാവയെ
അവൾ കൊണ്ടു വന്നു
ബഖ്ബുഖ് എന്നു പറയൂ.
എന്റെ തൊണ്ട വരണ്ടു
ശബ്ദം ഇടറി
എന്റെ ജീവന്റെ ജീവനേ
അപ്രത്യക്ഷയാക്കാൻ
കഴിയാത്ത
അത്ര സുന്ദരിയാണ്
നിന്റെ പാവ.

> **ഇടശ്ശേരിയേയും സച്ചിദാനന്ദനേയും വായിക്കുന്നത് എത്ര ഗുണകരമായിരിക്കുമെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരേണ്ടതില്ലല്ലോ. മലയാള കവിതയിൽ വളരെ നവ്യമായ അനുഭവങ്ങൾ ഒരു വിവർത്തകൻ എന്ന നിലയിൽ ഞാൻ കണ്ടെത്തിയിട്ടുണ്ട്.**

●

ഇത്തരത്തിൽ കവിതയിലൂടെ സ്വയം ആവിഷ്കരിക്കുന്ന ഷിഹാബ് ഘാനിം രണ്ടാഴ്ച മുമ്പ് ഔദ്യോഗികാവശ്യാർഥം ജിദ്ദയിൽ വന്നപ്പോൾ അദ്ദേഹവുമായി സംസാരിക്കാനുള്ള അവസരം കിട്ടി. ആ സംസാരം താഴെ പകർത്തുന്നു.

● *കവിത താങ്കൾക്ക് എന്താണ്*

-അമ്പതിലധികം രാഷ്ട്രങ്ങളിൽ ഞാൻ സഞ്ചരിച്ചു കഴിഞ്ഞു. അവിടെയുള്ള കവിതകളുമായി പരിചയപ്പെടാൻ ശ്രമിച്ചിട്ടുണ്ട്. ഓരോ ജനതയേയും തിരിച്ചറിയാനുള്ള അടയാളം അവരുടെ കവിതയാണ്. കവിതയിലാണ് ഓരോ ജനതയുടേയും കണ്ണീരും സ്വപ്നങ്ങളും ഒരേ പോലെ അലിഞ്ഞിരിക്കുന്നത്. അതു കൊണ്ടു തന്നെ എല്ലാ ജനതക്കും അവരുടെ കവിതകളുണ്ട്. കവിതയാണ് സംസ്കാരങ്ങളെ തിരിച്ചറിയാനുള്ള കാലിഡോസ്കോപ്പ്.

● *താങ്കളിപ്പോൾ കൂടുതൽ താൽപര്യമെടുക്കുന്നത് വിവർത്തനങ്ങൾക്കാണ്. സ്വന്തം രചന കുറയുന്നു?*

-ആ പറഞ്ഞത് ശരിയാണ്. അടുത്ത കാലത്ത് ഞാൻ മറ്റു ഭാഷകളിൽനിന്നുള്ള മികച്ച കവിതകൾ അറബിയിലേക്ക് മൊഴി മാറ്റുന്ന പ്രവൃത്തിയാണ് കൂടുതൽ ചെയ്യുന്നത്. സ്വന്തം കവിതയെഴുത്ത് കുറഞ്ഞിരിക്കുന്നു എന്നത് വാസ്തവമാണ്. സ്വന്തം കവിത സ്വന്തം കുഞ്ഞിനെപ്പോലെയാണ്. വിവർത്തനം ചെയ്യുന്ന കവിതകൾ ദത്തുപുത്രന്മാരോ/പുത്രികളോ ആണ്. പക്ഷെ ദത്തെടുക്കുന്നയാൾ നല്ല മനുഷ്യനാണെങ്കിൽ അയാൾക്ക് സ്വന്തം മക്കളേയും ദത്തുമക്കളേയും ഒരേ പോലെ പരിപാലിക്കാൻ കഴിയുമെന്ന കാര്യം മറക്കരുത്. വിവർത്തനങ്ങൾക്കായി അന്യഭാഷാകവിതകളുമായി നിരന്തര സമ്പർക്കത്തിലേർപ്പെടുന്നത് എന്നെ ഒട്ടേറെ പുതുക്കിപ്പണിഞ്ഞിട്ടുണ്ട്. എന്റെ കവിതയെ നവീകരിക്കാൻ അതു സഹായിച്ചിട്ടുണ്ട്. ഇടശ്ശേരിയേയും സച്ചിദാനന്ദനേയും വായിക്കുന്നത് എത്ര ഗുണകരമായിരിക്കുമെന്ന് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരേണ്ടതില്ലല്ലോ. മലയാള കവിതയിൽ വളരെ നവ്യമായ അനുഭവങ്ങൾ ഒരു വിവർത്തകൻ എന്ന നിലയിൽ ഞാൻ കണ്ടെത്തിയിട്ടുണ്ട്.

● *വിവർത്തനം എന്ന സർഗക്രിയയെക്കുറിച്ച് കൂടുതൽ വിശദമാക്കാമോ?*

-പ്രധാനപ്പെട്ട സംഗതി അതൊരു സർഗക്രിയ തന്നെയാണെന്നതാണ്. വിവർത്തകൻ സംസ്കാരങ്ങളെ ബന്ധിപ്പിക്കുന്ന പാലം നിർമിക്കുന്നു. സംസ്കാരങ്ങൾ പരസ്പരമറിയുന്നതും കൈകോർക്കാൻ ശ്രമിക്കുന്നതും ഇത്തരം ശ്രമങ്ങളിലൂടെയാണ്. ഇത് നിസ്സാരമായ കാര്യമല്ല. ധ്രുവപ്രദേശത്തെ ഒരു കവിയുടെ കവിത വായിക്കുമ്പോൾ നിങ്ങൾ ടിക്കറ്റെടുക്കാതെ നിങ്ങളുടെ മുറിയിലിരുന്ന് ആ പ്രകൃതിയിലേക്ക്, ആ മനുഷ്യരിലേക്ക് അവരുടെ സ്നേഹ സന്താപങ്ങളിലേക്ക് യാത്ര ചെയ്യുകയാണ്.

● പ്രശസ്തരായ ചില വിവർത്തകർ താരതമ്യ പഠനങ്ങളും നടത്താറുണ്ട്. അത്തരം ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ ?

-ഉണ്ട്. വിവിധ നാടുകളിലുള്ളവർ ആശുപത്രി അനുഭവങ്ങളെക്കുറിച്ചെഴുതിയ കവിതകളെക്കുറിച്ച് ഒരു പഠനമെഴുതിയത് ഈ വഴിക്കുള്ള നീക്കമാണ്. കിഴക്കുള്ളവരുടെ ആശുപത്രി അനുഭവമല്ല പടിഞ്ഞാറുള്ളവർക്ക്. ഒരേ അനുഭവം വിവിധ ഭാഷകളിൽ എങ്ങനെ വ്യത്യസ്തമായിരിക്കുന്നുവെന്ന് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുക ഒരു വിവർത്തകനു തന്നെയായിരിക്കും.

● *പുതിയ ലോക കവിതയെക്കുറിച്ച് ?*

-സമകാലീന അറബ് കവിത ഇനിയും ഏറെ വളർച്ച നേടാനുണ്ട്. പ്രകാശ ഗോപുരങ്ങൾ പോലെ കഴിഞ്ഞ നൂറ്റാണ്ടിലും അതിനു മുമ്പും നിലനിന്ന പോലുള്ള എഴുത്തുകാർ ഇനിയും ഉണ്ടാവണം. പടിഞ്ഞാറിന്റെ കവിത രോഷവും പ്രതിഷേധവും പ്രകടിപ്പിക്കാൻ പലപ്പോഴും അശ്ലീല പദങ്ങൾ ഉപയോഗിക്കുന്നു. ഈ രീതി അംഗീകരിക്കാവുന്നതല്ല. കിഴക്കിന്റെ കവിതയിൽ പുതിയ സ്വരഭേദങ്ങളും ബഹുസ്വരതയും അതു വഴിയുള്ള ആർജവവും ഊർജ പ്രസരവും കാണാനുണ്ട്. കവിതയിൽ പുതിയ രക്തം പ്രവഹിക്കുമെന്നു തന്നെയാണ് എന്റെ പ്രതീക്ഷ.

● *ഇരുമ്പുമറക്കു പിറകിൽ എന്ന കവിതയും താജ്മഹലിന് സ്തുതി ഗീതം എന്ന കവിതയും ഒരാൾ തന്നെ എഴുതിയെന്നത് എന്നെ ആശ്ചര്യപ്പെടുത്തുന്നു?*

-ഇതിൽ എന്താണ് ആശ്ചര്യം. ഇരുമ്പുമറക്ക് പിറകിലെഴുതുമ്പോൾ ഞാൻ പിറന്ന നാട്, യെമൻ തകർച്ചയെ നേരിടുകയായിരുന്നു. താജ്മഹലിന് സ്തുതിഗീതം എഴുതുമ്പോൾ ഞാൻ ഇന്ത്യയിലാണ്. മാത്രവുമല്ല അന്ന് വിവാഹിതനായിരുന്ന ഞാൻ നവവധുമൊത്താണ് താജ്മഹൽ കാണാൻ പോയത്. ബഖ് ബുഖ് എഴുതുമ്പോൾ ഞാൻ മുത്തച്ഛനായി. പേരക്കുട്ടിയുമായുള്ള കളിയിൽ നിന്നാണ് ആ കവിതയുടെ പിറവി. ആ കവിത ചിലർ പ്രസിദ്ധീകരിച്ചു വന്ന പത്രത്തിൽനിന്ന് വെട്ടിയെടുത്ത് അവരുടെ വീടുകളുടെ ചുമരുകളിൽ പതിച്ചു വെച്ചിരുന്നു. ഒരു കവിയുടെ തന്നെ ഓരോ കവിതയും വ്യത്യസ്തമായ പ്രഭവ കേന്ദ്രങ്ങളിൽനിന്നാണ് ഉൽഭവിക്കുന്നത്,സുഹൃത്തേ.

ഡോ. ഷിഹാബ് ഘാനിം സച്ചിദാനന്ദനോടൊപ്പം ദുബായിലെ ഒരു ചടങ്ങിൽ. (ഫയൽ)

ഡോ. ഷിഹാബ് ഘാനിം

യു.എ.ഇ പൗരനായ ഡോ.ഷിഹാബ് എം. ഘാനിം 1940ൽ ഏദനിൽ ജനിച്ചു. അറേബ്യൻ ഉപദ്വീപിലെ ആദ്യത്തെ സർവകലാശാലാ ബിരുദധാരിയും പ്രസിദ്ധ കവിയും വിദ്യാഭ്യാസ വിചക്ഷണനുമായിരുന്നു അദ്ദേഹത്തിന്റെ പിതാവ് പ്രൊഫ. മുഹമ്മദ് അബ്ദു ഘാനിം. മുത്തച്ഛൻ മുഹമ്മദലി ലുഖ്മാനാകട്ടെ ഏദനിലെ ആദ്യത്തെ സ്വതന്ത്ര പ്രസിദ്ധീകരണം തുടങ്ങിയ ആളും. അമ്മാവനായ അലി എം. ലുഖ്മാൻ എട്ടു കവിതാ സമാഹാരങ്ങളും അഞ്ച് കാവ്യ നാടകങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. മലയാളം ന്യൂസ് എഡിറ്റർ ഇൻ ചീഫ് ഫാറൂഖ് ലുഖ്മാൻ കവിയുടെ അമ്മാവനാണ്. ഇംഗ്ലണ്ടിൽനിന്ന് എൻജിനീയറിംഗിൽ ഇരട്ട ബിരുദമെടുത്ത ഡോ.ഘാനിം ബിരുദാനന്തര ബിരുദമെടുത്തത് ഇന്ത്യയിലെ റൂർക്കിയിൽനിന്ന്. ഏദനിലും ലെബനോണിലും ഉന്നത സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള ഇദ്ദേഹം ദുബായ് പോർട്ട് അതോറിറ്റിയുടെ എൻജിനീയറിംഗ് വിഭാഗത്തിൽ ഡയറക്ടറായി 15 വർഷം പ്രവർത്തിച്ചു. ഇപ്പോൾ ദുബായിയിലെ വ്യവസായ കാര്യങ്ങളുടേയും ഗവേഷണ വികസന വിഭാഗത്തിന്റേയും ചെയർമാന്റെ ഉപദേശകനാണ്. അറബിയിൽ എട്ടു കവിതാ സമാഹാരങ്ങളും മറ്റ് അറബി കവികളുടെ കവിതകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് നാലു സമാഹാരങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്വന്തം കവിതകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ഷേഡ്സ് ഓഫ് ലൗ ഉൾപ്പെടെ ഇരുപത്തിയാറ് കൃതികൾ. യു.എ.ഇ, സൗദി അറേബ്യ, കുവൈത്ത്, യെമൻ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള പ്രസിദ്ധീകരണങ്ങളിൽ സ്ഥിരമായി എഴുതുന്നു. ഒവൈസ് പ്രൈസ്, റാഷിദ് അവാർഡ്, ദുബായ് ഗവൺമെന്റ് എക്സലൻസ് അവാർഡ്, അബു പ്രൈസ് എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. വിവർത്തനത്തിനുള്ള ഷാർജാ ബുക്ക് എക്സിബിഷൻ പുരസ്കാരം സ്റ്റോവാക് അംബാസഡറുമായി പങ്കുവെച്ചിട്ടുണ്ട്.